## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 14** — **08.06.2015-ൽ മറുപടിക്ക്**

### പരിസ്ഥിതി സംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) | പരിസ്ഥിതി സംരക്ഷണം നടപ്പാക്കുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി, ഹരിതശ്രീ പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. 2014-ലാണ് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കി തുടങ്ങിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-ൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് 19 ലക്ഷത്തിലധികം വൃക്ഷത്തൈ കൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ഹരിതശ്രീ പദ്ധതിയും വനം വകുപ്പുമായി ചേർന്ന് നടപ്പിലാക്കി. |
| (സി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) | പ്രാഥമിക പരിസ്ഥിതി സംരക്ഷണം എന്ന സംസ്ഥാന പരിസ്ഥിതി സംരക്ഷണ യജ്ഞ പരിപാടിയിൽ പങ്കാളിയാകാൻ പത്ര മാധ്യമങ്ങൾ വഴിയും ഡിപ്പാർട്ടുമെന്റ് വെബ്സൈറ്റ് വഴിയും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. പൊതുജന പങ്കാളിത്തത്തോടു കൂടി പ്രാദേശികമായി പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിസ്ഥിതിക്ക് പ്രത്യക്ഷമായ നേട്ടം ഉണ്ടാകുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 32 ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. ഇതിനായി ഒരു പഞ്ചായത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ ധനസഹായവും അനുവദിച്ചിരുന്നു. |

| | |
|---|---|
| (ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള അടിയന്തിരവും ഫലപ്രദവുമായ കർമ്മ പദ്ധതി എന്ന നിലയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് 24.5.2014-ലെ സ.ഉ.(സാധാ) നമ്പർ.89/2014/പരി. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 80 ലക്ഷം രൂപ '3435-03-003-99-പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും' എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന് അനുമതിയും നൽകി. പ്രസ്തുത തുകയിൽ 79,40,000/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ